പതിനാലാം കേരള നിയമസഭ
ഒന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത നിയമസഭ
ചോദ്യം നമ്പർ: 1936 — 15.07.16 ൽ മറുപടിക്ക്

## ഉൾനാടൻ ജലാശയങ്ങൾ

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.എം.സ്വരാജ് | മാത്യു.ടി.തോമസ് (ജലവിഭവ വകുപ്പ് മന്ത്രി) |
| (എ) സംസ്ഥാനത്തെ ഉൾനാടൻ ജലാശയങ്ങളെ മാലിന്യമുക്തമാക്കി സംരക്ഷിക്കുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിച്ചുവരുന്നു എന്ന് വ്യക്തമാക്കാമോ; | (എ) ജലസ്രോതസ്സുകളിലേക്ക് പാഴ്ജലം ഒഴുക്കുന്നതിന് ജല നിയമം 1974 പ്രകാരം മലിനീകരണ നിയന്ത്രണ ബോർഡ് നിയന്ത്രണം ഏർപ്പെടുത്തി വരുന്നു. സീവേജ് ഉൾപ്പെടെയുള്ള മാലിന്യങ്ങൾ പുറപ്പെടുവിക്കുന്ന വ്യവസായ സ്ഥാപനങ്ങൾ, ആശുപത്രികൾ, പാർപ്പിട സമുച്ചയങ്ങൾ, വലിയ ഹോട്ടലുകൾ, റിസോർട്ടുകൾ എന്നീ സ്ഥാപനങ്ങളെ ജല നിയമ പ്രകാരമുള്ള അനുമതി പരിധിയിൽ കൊണ്ടുവന്ന് ശാസ്ത്രീയമായ മലിനജല ശുദ്ധീകരണ സംവിധാനങ്ങൾ ഏർപ്പെടുത്തിച്ചും, അതിന്റെ പ്രവർത്തനം ഇടയ്ക്കിടെ മോണിറ്റർ ചെയ്തും സംസ്ഥാന മലിനീകരണ നിയന്ത്രണ ബോർഡ് ജലമലിനീകരണം നിയന്ത്രിച്ചുവരുന്നു.<br><br>ഹൗസ് ബോട്ടുകളിൽ നിന്നുമുള്ള ജല മലിനീകരണം തടയുന്നതിനായി ഫോർ സ്ട്രോക്ക് ഔട്ട് ബോർഡ് എഞ്ചിനോ ഇൻ ബോർഡ് എഞ്ചിനോ ഉപയോഗിക്കുകയും, സീവേജ് മാലിന്യം കരയിലെ സ്വന്തമായ സീവേജ് സംസ്കരണ സംവിധാനം വഴിയോ പൊതു മലിനജല ശുദ്ധീകരണ സംവിധാനം വഴിയോ സംസ്ക്കരിക്കുകയും ചെയ്യുന്ന ഹൗസ് ബോട്ടുകൾക്കു മാത്രമേ ബോർഡ് അനുമതി പുതുക്കി നൽകുന്നുള്ളൂ. |

ബി) പ്രസ്തുത ജലാശങ്ങൾ സംരക്ഷിക്കുന്നതോടൊപ്പം ശുദ്ധജല മത്സ്യകൃഷി പ്രോത്സാഹിപ്പിക്കുന്നതിന് ഫിഷറീസ് വകുപ്പുമായി ചേർന്ന് പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കുമോയെന്ന് വ്യക്തമാക്കാമോ;

ബി) ഇക്കാര്യം പരിശോധിക്കാവുന്നതാണ്.

**സെക്ഷൻ ഓഫീസർ**